മുദ്രകൾ

# പാക് ജമാഅത്തിന് പുതിയ അധ്യക്ഷൻ

**പാകിസ്താൻ** ജമാഅത്തെ ഇസ്‌ലാമി പുതിയ അധ്യക്ഷനായി ശൈഖ് സയ്യിദ് മുനവ്വർ ഹസൻ തെരഞ്ഞെടുക്കപ്പെട്ടു. പുതിയ അമീറിനെ തെരഞ്ഞെടുക്കാൻ നിർദേശിക്കപ്പെട്ടത് മുല്ലാ സമീഉൽഹഖ്, മുല്ലാ ലിയാഖത് ബലൂച്, ശൈഖ് മുനവ്വർ ഹസൻ എന്നിവരടങ്ങുന്ന മൂന്നംഗ പാനലായിരുന്നു. തൊണ്ണൂറ്റിയൊന്നു ശതമാനം അംഗങ്ങളുടെ പിന്തുണയോടെയാണ് അദ്ദേഹം അമീറായത്.

1944 ആഗസ്റ്റിൽ ന്യൂദൽഹിയിലായിരുന്നു മുനവ്വർ ഹസന്റെ ജനനം. ഇന്ത്യാ വിഭജനത്തെത്തുടർന്ന് അദ്ദേഹത്തിന്റെ കുടുംബം പാകിസ്താനിലേക്കു പോയി. സാമൂഹിക ശാസ്ത്രത്തിലും ഇസ്‌ലാമിക് സ്റ്റഡീസിലും കറാച്ചി യൂനിവേഴ്സിറ്റിയിൽനിന്ന് മാസ്റ്റർ ബിരുദം നേടിയ മുനവ്വർ ഹസൻ വിദ്യാർഥി ജീവിതകാലത്തു തന്നെ കഴിവുറ്റ പ്രസംഗകനും എഴുത്തുകാരനും കോളേജ് മാഗസിന്റെ എഡിറ്ററുമായിരുന്നു. നല്ല ബാഡ്മിന്റൺ കളിക്കാരൻ കൂടിയായിരുന്നു അദ്ദേഹം.

വിദ്യാർഥി രാഷ്ട്രീയത്തിൽ സജീവമായിരുന്ന മുനവ്വർ ഹസൻ ഇടതുപക്ഷ വിദ്യാർഥി സംഘടനയായ നാഷ്നൽ സ്റ്റുഡന്റ്സ് ഫ്രീഡ(NSF)ത്തിന്റെ പ്രസിഡന്റായിരുന്നു.

പാക് ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി സംഘടനയായ ഇസ്‌ലാമി ജംഇയ്യത്തു ത്വലബ(IJT)യുമായുള്ള ബന്ധമാണ് അദ്ദേഹത്തെ പരിവർത്തിപ്പിച്ചത്. മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ രചനകൾ പഠിച്ച അദ്ദേഹം ഇടതുപക്ഷം വിട്ട് ഇസ്‌ലാമിസ്റ്റായി മാറി. 1960-ൽ മുനവ്വർ ഹസൻ ഐ.ജെ.ടിയിൽ ചേർന്നു. വൈകാതെ സംഘടനയുടെ കറാച്ചി യൂനിവേഴ്സിറ്റി യൂനിറ്റ് പ്രസിഡന്റായും സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടു. 1964-ൽ ഇസ്‌ലാമി ജംഇയ്യത്തു ത്വലബയുടെ ദേശീയ അധ്യക്ഷ സ്ഥാനത്തെത്തിയ അദ്ദേഹം ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ ജംഇയ്യത്തു ത്വലബയെ പാക് വിദ്യാർഥി സംഘടനകളുടെ മുൻനിരയിലെത്തിച്ചു.

മാർഷൽ ലോക്കെതിരായ സമരം നയിച്ച മുനവ്വർ ഹസൻ പലതവണ ജയിലിലടക്കപ്പെട്ടു. 1963-ൽ കറാച്ചിയിൽ ഇസ്‌ലാമിക് റിസർച്ച് അക്കാദമിയിൽ റിസർച്ച് അസിസ്റ്റന്റായി ചേർന്നു. 1969-ൽ അതിന്റെ സെക്രട്ടറി ജനറലായി. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ അക്കാദമി 70



ശൈഖ് മുനവ്വർ ഹസൻ

ഗവേഷണ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. The Criterion, The Universal Message എന്നീ മാസികകളുടെ മാനേജിംഗ് എഡിറ്ററായും പ്രവർത്തിച്ചു.

1967-ലാണ് മുനവ്വർ ഹസൻ പാക് ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമായത്. ജമാഅത്തിന്റെ കറാച്ചി ടൗൺ ഘടകത്തിന്റെ സെക്രട്ടറിയായും അമീറായും പ്രവർത്തിച്ചു. പിന്നീട്, കേന്ദ്ര ശൂറയിലും എക്സിക്യൂട്ടീവ് കൗൺസിലിലും അംഗമായി. യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ട് (UDF), പാകിസ്താൻ നാഷ്നൽ അലയൻസ് (PNA) തുടങ്ങിയ നിരവധി വേദികളിൽ ജമാഅത്തിന്റെ പ്രതിനിധിയായി നിശ്ചയിക്കപ്പെട്ടു.

1992-ൽ പാക് ജമാഅത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറി ജനറലായി. 1993-ൽ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. ജമാഅത്തിന്റെ പ്ലാനിംഗ് ആന്റ് റിസർച്ച് വിംഗിലും അംഗമാവുകയുണ്ടായി. ഇംഗ്ലീഷ് ഭാഷയിൽ മികച്ച പരിജ്ഞാനമുള്ള അദ്ദേഹം പ്രൗഢമായ പ്രഭാഷണത്തിന്റെ ഉടമയാണ്.

നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങളിലും സെമിനാറുകളിലും ജമാഅത്തിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത അദ്ദേഹം അമേരിക്ക, ബ്രിട്ടൻ, കാനഡ തുടങ്ങിയ രാജ്യങ്ങളും മിഡിലീസ്റ്റിലെയും ഏഷ്യയിലെയും നിരവധി നാടുകളും സന്ദർശിച്ചിട്ടുണ്ട്. 1974-ൽ വിവാഹിതനായ മുനവ്വർ ഹസന് രണ്ട് മക്കളുണ്ട്. പത്നി ആഇശാ മുനവ്വർ പാക് ജമാഅത്തിന്റെ വനിതാ വിഭാഗം സെക്രട്ടറി ജനറലാണ്. കഴിഞ്ഞ പാകിസ്താൻ ദേശീയ അസംബ്ലിയിലെ മെമ്പറുമായിരുന്നു അവർ.

പാകിസ്താന്റെ ആഭ്യന്തര രംഗത്തുള്ള അമേരിക്കൻ ഇടപെടലുകൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ജമാഅത്ത് പ്രഥമ പരിഗണന നൽകുകയെന്നും പാകിസ്താനെതിരായ യു.എസ് സൈനിക ആക്രമണങ്ങൾ രാജ്യത്തെ അമേരിക്കയുടെ ഒരു കോളനിയാക്കി മാറ്റുകയാണെന്നും ഇതിനെതിരെ ഇസ്‌ലാമിക ശക്തികളെ ഒരുമിച്ചു നിർത്തി പോരാടുമെന്നും അമീറായി തെരഞ്ഞെടുക്കപ്പെട്ട ശേഷം നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. ■

# 'ഭീകരതക്കെതിരായ യുദ്ധം' അമേരിക്ക തിരുത്തുന്നു!

**അമേരിക്കൻ** ഭരണകൂടത്തിന്റെ ഏറെ പ്രമാദമായ പ്രയോഗമാണ് 'ഭീകരതക്കെതിരായ യുദ്ധം'. ജോർജ് ബുഷിന്റെ സംഭാവനയായ ഈ പ്രയോഗം ഒബാമയുടെ നേതൃത്വത്തിലുള്ള പുതിയ അമേരിക്കൻ ഭരണകൂടം 'യു.എസ് ഡിക്ഷ്ണറി'യിൽനിന്ന് പിൻവലിക്കുകയാണെന്ന പ്രഖ്യാപനം നടത്തിയത് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റനാണ്.

സെപ്റ്റംബർ പതിനൊന്ന് ആക്രമണത്തെ തുടർന്ന് യു.എസ് ഭീകരവേട്ടക്കിറങ്ങിയപ്പോഴാണ് ബുഷ്, 'ഭീകരതക്കെതിരായി ഞങ്ങൾ യുദ്ധത്തിനിറങ്ങുകയാണെന്നും ഞങ്ങളുടെ പക്ഷത്തുനിൽക്കാത്തവർ ഭീകരരുടെ കൂടെയാണെന്നും' പ്രഖ്യാപിച്ചത്. അഫ്ഗാനും ഇറാഖുമായിരുന്നു 'ഭീകരതക്കെതിരായ യുദ്ധ'ത്തിന്റെ പ്രധാന ഇര.

2009 മാർച്ച് 30ന് അഫ്ഗാനെക്കുറിച്ചുള്ള ഒരു കോൺഫറൻസിൽ പങ്കെടുക്കാനെത്തിയപ്പോഴാണ് ഹിലരി ക്ലിന്റൻ, 'ഒബാമാ ഭരണകൂടം ഭീകരതക്കെതിരായ യുദ്ധം എന്ന പ്രയോഗം ഒഴിവാക്കുകയാണ്, അതിനൊരു വിശദീകരണം ആവശ്യമില്ലെന്നു കരുതുന്നു' എന്ന് പ്രഖ്യാപിച്ചത്.

തെരഞ്ഞെടുപ്പ് പ്രചാരണ സമയത്ത്, അമേരിക്കൻ മുഖം ലോകത്തിന് മുമ്പിൽ മോശമാകാൻ കാരണമായ 'ഭീകരതക്കെതിരായ യുദ്ധം' എന്ന പ്രയോഗം മാറ്റുമെന്ന് ഒബാമ പറഞ്ഞിരുന്നുവത്രെ. ലോകത്തിനു മുന്നിൽ അമേരിക്കയുടെ പ്രതിഛായ നന്നാക്കിയെടുക്കലാണ് സ്റ്റേറ്റ് സെക്രട്ടറിയെന്ന നിലക്ക് തന്റെ പ്രധാന ലക്ഷ്യമെന്നും അതിനുവേണ്ടി യൂറോപ്പിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും സന്ദർശനം നടത്തുമെന്നും ഹിലരി പത്രപ്രവർത്തകരോട് പറഞ്ഞിട്ടുണ്ട്. ബുഷ് ഭരണകൂടത്തിന്റെ നയങ്ങളിൽനിന്ന് മാറാനുള്ള ആത്മാർഥമായ ശ്രമമാണോ ഇതെല്ലാമെന്ന്. പ്രായോഗികമായി ഒബാമ എന്തു ചെയ്യുന്നുവെന്നു നോക്കിയേ പറയാനാകൂ. ■

മുദ്രകൾ



# ലിബിയൻ സായുധ ഗ്രൂപ്പ് പുനരാലോചനയുടെ വഴിയിൽ


**ലിബിയയിലെ** സായുധ ഇസ്‌ലാമിക ഗ്രൂപ്പായ 'അൽജമാഅ അൽഇസ്‌ലാമിയ്യ അൽ മുസല്ലഹ' സായുധ സംഘട്ടനത്തിന്റെ വഴി ഉപേക്ഷിച്ച് ഈജിപ്തിലെ അൽജമാഅ മാഅ അൽഇസ്‌ലാമിയ്യയെപ്പോലെ ജനാധിപത്യപരവും സമാധാനപൂർണവുമായ പ്രവർത്തനശൈലി സ്വീകരിക്കാനൊരുങ്ങുന്നു.

'അൽജമാഅ അൽഇസ്‌ലാമിയ്യ അൽമുസല്ലഹ' -സായുധ ഇസ്‌ലാമിക സംഘം- എന്നു പേരുള്ള ലിബിയൻ പാർട്ടി ദീർഘകാലമായി ഖദ്ദാഫി ഭരണകൂടവുമായി സായുധ സംഘട്ടനത്തിന്റെ വഴിയിലാണ്. സോവിയറ്റ് അധിനിവേശത്തിനെതിരെ പൊരുതിയ അഫ്ഗാൻ പോരാളികളോടൊപ്പം യുദ്ധം ചെയ്യാൻ അഫ്ഗാനിലെത്തിയ ലിബിയൻ പോരാളികൾ, അഫ്ഗാന്റെ വിമോചനത്തിനു ശേഷം ലിബിയയിൽ തിരിച്ചെത്തി. ആയുധം താഴെവെക്കാൻ മനസ്സില്ലാതിരുന്ന അവർ ലിബിയയിലെ സായുധ സംഘടനയായി മാറി. സംഘടനയുടെ നേതാവ് അബൂ അബ്ദില്ല സ്വാദിഖ് എന്ന് വിളിക്കുന്ന അബ്ദുൽ ഹകീം ബൽഹാജ്, 1993 മുതൽ രാജ്യത്തെ മുജാഹിദുകളെയെല്ലാം 'അൽജമാഅ അൽഇസ്‌ലാമിയ്യ അൽമുസല്ലഹ'യുടെ കീഴിൽ അണിനിരത്താൻ പരിശ്രമിക്കുകയായിരുന്നു.

ഖദ്ദാഫീവിരുദ്ധ വികാരം നിലനിൽക്കുന്ന ലിബിയയുടെ കിഴക്കൻ ഭാഗങ്ങളിലായിരുന്നു ബൽഹാജിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത്. മേഖലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും അദ്ദേഹത്തിന് സഹായകമായി. ചെറുതല്ലാത്ത ഒരു സംഘം യുവാക്കളെ സംഘടനയുടെ ഭാഗമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഖദ്ദാഫിക്കെതിരായ വധശ്രമമുൾപ്പെടെ നിരവധി സായുധ ആക്രമണങ്ങൾ നടത്തിയ സംഘടന സൈന്യവുമായി പലതവണ സംഘട്ടനത്തിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഏതാനും സൈനികരെ വധിക്കാനായെങ്കിലും നൂറുകണക്കിന് പ്രവർത്തകരെയാണ് സംഘടനക്ക് നഷ്ടപ്പെട്ടത്. സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ ഒരു ദിവസം സംഘടനയുടെ 1200 പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി. മറ്റു പലവിധത്തിലുമുള്ള തിരിച്ചടികളും സംഘടനക്കുണ്ടായി.

2006 മുതൽ സംഘടനക്കകത്ത് സജീവമായ പുനരാലോചനകൾ ഇപ്പോൾ ഏറക്കുറെ പൂർത്തിയായിരിക്കുന്നു. സമൂഹ സംസ്കരണത്തിനും രാജ്യത്തിന്റെ വളർച്ചക്കുമുള്ള പുതിയ വഴികളും പ്രവർത്തനരീതികളും തങ്ങൾ ആവിഷ്കരിക്കുമെന്നാണ് അബ്ദുൽ ഹകീം ബൽഹാജിന്റെ പ്രഖ്യാപനം. ഈജിപ്തിലെ അൽജമാഅ അൽഇസ്‌ലാമിയ്യ നടത്തിയ പുനരാലോചനകളാണ് ലിബിയൻ ഗ്രൂപ്പിന്റെയും പുനരാലോചനക്ക് ആക്കം കൂട്ടിയത്. ലിബിയയിലെ പ്രമുഖ ഇസ്‌ലാമിക ചിന്തകനായ ശൈഖ് അലി അസ്സ്വലാബി പറഞ്ഞത്, ഈജിപ്തിലെ അൽ ജമാഅയുടെ പുനരാലോചനയേക്കാൾ മികച്ചുനിൽക്കുന്നതാണ് ലിബിയയിലെ അൽ ജമാഅയുടേത് എന്നാണ്. പുനരാലോചനകളുടെ കാരണങ്ങളും തെളിവുകളും വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പുനരാലോചനാ രേഖ വൈകാതെ പുറത്തിറക്കും. ■

# നന്ദി, പൊതുജീവിതത്തിലേക്ക് മതത്തെ കൊണ്ടുവന്നതിന്



റോവൻ വില്യംസ്

**കാന്റർബറി** ആർച്ച് ബിഷപ്പ് റോവൻ വില്യംസ് ബ്രിട്ടീഷ് മുസ്‌ലിംകളോട് നന്ദി പറഞ്ഞു, പൊതുജീവിതത്തിലേക്ക് മതമൂല്യങ്ങളെ കൊണ്ടുവരാൻ അവർ നടത്തിയ ശ്രമങ്ങൾക്ക്. "പൊതുജീവിതത്തിൽ മതം ചർച്ച ചെയ്യപ്പെടാൻ ഇടയായതിൽ ഇസ്‌ലാമിന് കാര്യമായ പങ്കുണ്ട്. മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിലും മറ്റു മതവിഭാഗങ്ങൾ തമ്മിലും ഈ ചർച്ച നടത്തേണ്ടതുണ്ട്"- *മുസ്‌ലിം ന്യൂസി*നോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മതമൂല്യങ്ങൾ പിഴുതെടുക്കപ്പെട്ട പാശ്ചാത്യ സമൂഹത്തിലേക്ക് വീണ്ടും മതത്തെ കൊണ്ടുവന്നതിൽ മുസ്‌ലിംകളെ അഭിനന്ദിക്കുന്ന ആദ്യത്തെ ക്രിസ്ത്യൻ നേതാവല്ല വില്യംസ്. വത്തിക്കാനിലെ ഇന്റർഫെയ്ത്ത് കൗൺസിലിന്റെ തലവൻ കർദിനൽ ജീൻ ലൂയി ടൊറാനും ഇതേ കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. വിനാശകരമായ ഭൗതികപ്രമത്തതയിലേക്കാണ് പാശ്ചാത്യ സമൂഹങ്ങൾ നയിക്കപ്പെടുന്നതെന്ന് വില്യംസ് ചൂണ്ടിക്കാട്ടി. "മതത്തിന്റെ ആളുകളെന്ന നിലക്ക് പൊതുവിഷയങ്ങളിൽ നമുക്ക് അഭിപ്രായം പറയാൻ അനുവാദമില്ലെങ്കിൽ, മതക്കാരോട് തന്നെ പൊതുസമൂഹം അസഹിഷ്ണുക്കളായിത്തീരും. അതൊരിക്കലും നല്ലതിനായിരിക്കില്ല."

ക്രിസ്ത്യൻ-മുസ്‌ലിം സംവാദങ്ങൾ വ്യാപകമായി സംഘടിപ്പിക്കപ്പെടണമെന്ന പക്ഷക്കാരനാണ് റോവൻ വില്യംസ്. അതിനായി അദ്ദേഹം 2001ൽ ഒരു വേദിയുണ്ടാക്കി-ക്രിസ്ത്യൻ മുസ്‌ലിം ഫോറം. ഈ സന്ദേശം സമൂഹത്തിന്റെ താഴെ തട്ടിലേക്ക് എത്തിക്കുന്നതിൽ വേദി പരാജയപ്പെട്ടുവെന്നും അദ്ദേഹം സമ്മതിച്ചു. "സമൂഹത്തിലെ ബുദ്ധിജീവികൾ മാത്രം കൂടിയിരുന്ന് ചർച്ച ചെയ്തതുകൊണ്ട് കാര്യമായ ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല."

മതപഠനത്തിനും അർഹമായ പ്രാധാന്യം നൽകുന്ന ബ്രിട്ടനിലെ ഫെയ്ത്ത് സ്കൂളുകളെ അദ്ദേഹം ശക്തമായി ന്യായീകരിച്ചു. "മതസഹിഷ്ണുതയും സംവാദസംസ്കാരവും വളർത്തുന്നതിൽ ഫെയ്ത്ത് സ്കൂളുകൾക്ക് വലിയ പങ്കുണ്ട്." ന്യൂനപക്ഷങ്ങൾക്ക് ആത്മവിശ്വാസം പകരാനുള്ള ശ്രമങ്ങൾക്ക് ഫെയ്ത്ത് സ്കൂളുകൾ തുടക്കംകുറിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ■